# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.641 | 05.06.2018-ൽ മറുപടിയ്ക്ക്

## റാന്നി കിൻഫ്ര അപ്പാരൽ പാർക്കിനുള്ള സ്ഥലം

ചോദ്യം

ശ്രീ.രാജു എബ്രഹാം

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

എ) കിൻഫ്ര അപ്പാരൽ പാർക്കിനായി റാന്നി ഉതിമൂട്ടിൽ എന്നാണ് സ്ഥലം വിട്ടുകിട്ടിയതെന്നും ഇവിടെ എന്ത് വ്യവസായ സംരംഭം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആയത് ആരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ;

എ) റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 01/03/2011 ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.135/2011/റവന്യൂ പ്രകാരമാണ് കിൻഫ്രയ്ക്ക് ഭൂമി കൈമാറിയിട്ടുള്ളത്. കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക പ്രായോഗികമല്ലെന്നും കുറഞ്ഞ വേതനത്തിൽ ജോലിക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും പദ്ധതിയാണ് അവിടെ യോജിച്ചതെന്നും 17/7/2014 ൽ ബഹു.വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിലയിരുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് ഒരു വ്യവസായ കെട്ടിട സമുച്ചയം നിർമ്മിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്.

ബി) പ്രസ്തുത ഭൂമിക്കായി പ്രതിവർഷം എത്ര രൂപയാണ് പാട്ടത്തുകയായി കിൻഫ്ര അടയ്ക്കുന്നതെന്നും ഭൂമി അനുവദിച്ച് കിട്ടിയ വർഷം മുതൽ പാട്ടത്തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നു മുതലാണ് അടയ്ക്കാതിരുന്നതെന്നും ഈയിനത്തിൽ എത്ര രൂപയാണ് അടയ്ക്കാനുള്ളതെന്നും വിശദമാക്കാമോ;

ബി) പ്രസ്തുത ഭൂമിക്കായി പാട്ടത്തുക ഇനത്തിൽ 24,856 രൂപയാണ് 2011-12, 2012-13, 2013-14, 2014 15, 2015-16, 2016-17 & 2017-18 വർഷങ്ങളിൽ കിൻഫ്ര സർക്കാരിൽ അടച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തീയതി |
|---|---|
| 2011-12 | 08/08/2011 |
| 2012-13 | 23/07/2012 |
| 2013-14 | 06/06/2015 |
| 2014-15 | |
| 2015-16 | |
| 2016-17 | 22/03/2016 |
| 2017-18 | 15/04/2017 |

സി) കിൻഫ്ര അപ്പാരൽ പാർക്ക് തുടങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും വ്യവസായം ഇവിടെ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നും, ഉണ്ടെങ്കിൽ എന്ത് വ്യവസായം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

സി) പ്രസ്തുത ഭൂമിയിൽ ഒരു വ്യവസായ കെട്ടിട സമുച്ചയം നിർമ്മിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ